കായംകുളം മജിസ്ട്രേട്ട് കോടതി

*൯ ൦൦. (൫൫) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട നീതിന്യായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കായംകുളം സ്റ്റേറഷനറി മജിസ്ട്രേട്ട് കോടതയിൽ കഴിഞ്ഞ മൂന്നു കൊല്ലകാലത്തിനുള്ളിൽ എത്രപേർ മജിസ്ട്രേട്ട് ജോലി നോക്കിയിട്ടുണ്ട്;

(ബി) ഇപ്പോൾ കായംകുളം മജിസ്ട്രേട്ടായി നിയമിക്കപ്പെട്ടയാൾ ചാർജെടുത്തിട്ടുണ്ടോ; ഇനി ചാർജെടുക്കുന്നതിനു എത്രകാലം കൂടി വേണ്ടിവരും;

(സി) കായംകുളത്തു് ഒരു ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അഞ്ചു് (൫).

(ബി) ഉണ്ടു്.

(സി) ഇല്ല.

കൊല്ലത്തെ ഗോഡൗണുകൾ

*൯ ൧൮. (൫൯) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിനു് കൊല്ലത്തു് ഗവൺമെണ്ടുവക എത്ര ഗോഡൗണുകൾ ഉണ്ടു്. അതിൽ ഉദ്ദേശം എത്ര ചാക്കു് ഭക്ഷ്യധാന്യങ്ങൾ സ്റ്റാക്കു ചെയ്യുവാൻ സാധിക്കും;

(ബി) ഗവൺമെണ്ടു ഗോഡൗണിൽ സ്റ്റാക്കു ചെയ്യാവുന്നതിൽ കൂടുതൽ ചാക്കു ഒരേസമയത്തു് അടുത്തകാലത്തു് കൊല്ലത്തു സ്റ്റാക്കുചെയ്യേണ്ടതായി വന്നിട്ടുണ്ടോ;

(സി) കൊല്ലത്തു എത്ര ഗ്രൂദാമുകൾ ഗവൺമെണ്ടു വാടകക്കെടുത്തു എത്ര രൂപാ പ്രതിമാസം വാടക കൊടുക്കുന്നുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവൺമെണ്ടുവക മൂന്നു ഗ്രൂദാമുകൾ ഉണ്ടു്. ഇവയിൽ ൭൫൪൫൦൦ ചാക്കു ഭക്ഷ്യധാന്യങ്ങൾ സ്റ്റാക്കു ചെയ്യാം.

(ബി) ഇല്ല.

(സി) ഏഴുഗ്രൂദാമുകൾ വാടക്കു എടുത്തിട്ടുണ്ടു്. ഇവക്കു പ്രതിമാസം ൯൫൭ രൂപാ വാടക കൊടുക്കുന്നു.

RIVERS

*902. [70] **Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the Government are aware of the resolutions passed at the recent International Engineering Conference held at New Delhi regarding the utilisation of the waters of small streams and branches of rivers in the forest areas by putting up small dams; and

(*b*) if so, what steps have been taken in this direction in this State.

Chief Minister **(Sri. C. Kesavan):**

(*a*) Government have not received the resolutions passed at the International Engineering Conference.

(*b*) The question does not arise.

LIBRARY ARCHIVES Kerala Legislative Assembly